# പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4916 — 4/7/2012-ൽ മറുപടിക്ക്

## മത്സ്യഫെഡിന്റെ പത്തനംതിട്ട ജില്ലാ ഓഫീസ്

ചോദ്യം — മറുപടി

ശ്രീ. മാത്യു റ്റി തോമസ്

ശ്രീ.കെ.ബാബു
(മത്സ്യബന്ധനവും തുറമുഖവും
എക്സൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തിരുവല്ല കേന്ദ്രമാക്കി പ്രവർത്തിക്കുന്ന മത്സ്യ ഫെഡിന്റെ പത്തനംതിട്ട ജില്ലാ ഓഫീസ് നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ അപ്പർ കുട്ടനാട്ടിലെ മത്സ്യത്തൊഴിലാളികളുടെ ആശ്രയമായ പ്രസ്തുത സ്ഥാപനം നിർത്തലാക്കുവാനുള്ള നടപടി പുനഃപരിശോധിക്കുമോയെന്നു വ്യക്തമാക്കുമോ? | (ബി) | പത്തനംതിട്ട ജില്ലയിൽ മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന ഒരു പ്രാഥമിക സംഘം മാത്രമാണ് നിലവിലുള്ളത്. ആകെ 61 അംഗങ്ങളുള്ള ടി പരുമല വനിതാ സംഘം നാളിതുവരെ അസോസിയേറ്റ് അംഗങ്ങൾ ഉൾപ്പെടെ 105 പേർക്കും സ്വയം സഹായ സംഘങ്ങൾ വഴി 115 പേർക്കുമാണ് ജില്ലയിലാകെ ആനുകൂല്യങ്ങൾ നൽകിയിട്ടുള്ളത്. പ്രസ്തുത പ്രവർത്തനങ്ങൾക്ക് മാത്രമായി ഒരു ജില്ലാ ഓഫീസ് പ്രവർത്തിപ്പിക്കാൻ കഴിയുകയില്ല. എന്നാൽ ജില്ലാ ഓഫീസിനു പകരം തിരുവല്ലയിൽ ഇപ്പോൾ ജില്ലാ ഓഫീസ് പ്രവർത്തിക്കുന്ന സ്ഥലത്തുതന്നെ സംഘങ്ങളുടെ സൗകര്യാർത്ഥം മത്സ്യഫെഡിന്റെ ഒരു ക്ലസ്റ്റർ ഓഫീസ് നിലനിർത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ടി ഓഫീസ് വഴി പത്തനംതിട്ട ജില്ലയിലെ മത്സ്യത്തൊഴിലാളികൾക്ക് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന എല്ലാ സേവനങ്ങളും തുടർന്നും ലഭ്യമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ